ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, ഹോമിയോപ്പതിക് വകുപ്പിൽ കണ്ണൂർ ജില്ലയിലെ ഫാർമസിസ്റ്റ് തസ്തികയിലെ നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് 30-3-2002-ൽ നിലവിൽ വന്നു. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും 12-4-1999-നു മുമ്പ് ഉണ്ടായിരുന്ന ഒഴിവുകളിലേക്ക് 4 പേരെ ഇതിനകം നിയമിച്ചിട്ടുണ്ട്. 9 വേക്കൻസികൾ കൂടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 12-4-1999-ൽ നിലവിൽ വന്ന സ്പെഷ്യൽ റൂൾ അനുസരിച്ച് ഫാർമസിസ്റ്റ് തസ്തികയിലേക്കുള്ള അടിസ്ഥാന യോഗ്യത നേഴ്സ് കം ഫാർമസിസ്റ്റ് കോഴ്സാണ്. ഇപ്പോൾ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ്, സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിനു മുമ്പുള്ള യോഗ്യതയുടെ അടിസ്ഥാനത്തിലുള്ളതാണ്. സ്പെഷ്യൽ റൂൾ അനുശാസിക്കുന്ന യോഗ്യതയുള്ളവരെ മാത്രമെ നിയമിക്കാൻ പാടുള്ളൂ. പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യുവാൻ ഒഴിവുകൾ ഇല്ലെന്നു പറഞ്ഞ് കോടതിയെ തെറ്റിദ്ധരിപ്പിച്ചതായുള്ള ആക്ഷേപം, ഹോമിയോപ്പതി വകുപ്പിനെ സംബന്ധിച്ചിടത്തോളം അടിസ്ഥാനരഹിതമാണ്. ഫാർമസിസ്റ്റ് തസ്തികയിലെ നിയമനത്തിനു സ്പെഷ്യൽ റൂൾ പ്രകാരം യോഗ്യതയുള്ളവരെ ലഭ്യമല്ലാത്തതിനാലാണ് റിട്ടയർ ചെയ്ത ഫാർമസിസ്റ്റുമാരെ ദിവസ വേതനത്തിന്റെ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുള്ളത്. കോടതി ഉത്തരവ് അനുസരിച്ച് കണ്ണൂർ ജില്ലയിലെ താൽക്കാലിക നിയമനത്തിനുള്ള നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർ റദ്ദ് ചെയ്തിട്ടുണ്ട്.

## (36) ഓണത്തിനുമുമ്പ് കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശിക വിതരണം

ശ്രീ. മത്തായി ചാക്കോ: സർ, കേരളത്തിലെ കർഷകത്തൊഴിലാളികൾക്ക് 21 മാസമായിട്ട് അവരുടെ പെൻഷൻ കുടിശ്ശികയാണ്. അതുകൊണ്ട് ഓണത്തിനുമുമ്പ് അവരുടെ പത്ത് മാസത്തെ കുടിശ്ശികയെങ്കിലും കൊടുക്കാൻ നടപടി സ്വീകരിക്കണം. അങ്ങനെ ചെയ്താൽ നൻമ നിറഞ്ഞ ഒരു കാര്യം ഈ ഗവൺമെന്റ് ചെയ്തെന്നു വരും.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 18 മാസത്തെ കുടിശ്ശികയുണ്ട്. കുറെ വർഷങ്ങളായിട്ട് ഇങ്ങനെ വന്നുക്കൊണ്ടിരിക്കുകയാണ്. എല്ലാ ഓണത്തിനും ഒരു ഗഡു കൊടുക്കാറുണ്ട്. ഈ ഓണത്തിനും ഒരു ഗഡു കൊടുക്കും. ഈ വർഷം പെൻഷൻ കുടിശ്ശിക കൊടുക്കുന്നതിന് പ്രത്യേക തുക ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ നിന്നും പണം ലഭ്യമാകുന്ന മുറയ്ക്ക് ഈ വർഷം 18 മാസമെന്നുള്ളത് പരമാവധി കുറയ്ക്കാൻ ശ്രമിക്കുകയാണ്. പക്ഷേ ഓണത്തിനുമുമ്പ് എല്ലാം കൂടി കൊടുക്കാൻ സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. എല്ലാ വർഷവും ഓണത്തിന് കൊടുക്കുന്നതുപോലെ ഈ വർഷവും കൊടുക്കാം.

## (37) നെടുമങ്ങാട് ഇ.ഇ.സി. മാർക്കറ്റിന്റെ നിർമ്മാണം പൂർത്തീകരിക്കൽ

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, നെടുമങ്ങാട് ഇ.ഇ.സി മാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 90 ശതമാനവും പൂർത്തിയായിരിക്കുകയാണ്. അടിയന്തിരമായി ഒരു ഉന്നതതല യോഗം വിളിച്ചുച്ചേർത്ത് ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനും മാർക്കറ്റ് പ്രവർത്തനക്ഷമമാക്കാനും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly